**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6612** **21-03-2023 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ ബി.എം.& ബി.സി നിലവാരത്തിലുള്ള റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം മണ്ഡലത്തിൽ ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മാണം പൂർത്തിയായ റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യം എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | വാമനപുരം മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ബി.എം.&ബിസി നിലവാരത്തിൽ നിർമ്മാണം പൂർത്തിയാക്കിയ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. അവ കൂടാതെ കെ.ആർ.എഫ്.ബി. , പി.എം.യു. വിന് കീഴിൽ വെഞ്ഞാറമൂട് ഔട്ടർ റിങ് റോഡ് - 8.572 കി.മീ., മലയോര ഹൈവേ കൊല്ലയിൽ - ചല്ലിമുക്ക് - 8.7 കി.മീ. എന്നീ പ്രവൃത്തികളും , കെ.എസ്.റ്റി.പി.-ക്കു കീഴിൽ കഴക്കൂട്ടം അടൂർ എം.സി റോഡിൽ തൈക്കോട്ടുമുതൽ കാരേറ്റ് വരെ 7.75 കിമീ റോഡ് പ്രവൃത്തിയും ബി.എം.&ബിസി നിലവാരത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ബി.എം.&ബി.സി. നിലവാരത്തിലുള്ള നിർമ്മാണത്തിന് അനുമതി ലഭിച്ച് നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്ന റോഡുകളുടെ വിശദ വിവരം ലഭ്യമാക്കുമോ? | (ബി) | വാമനപുരം മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ബി.എം.&ബി.സി. നിലവാരത്തിലുള്ള നിർമ്മാണത്തിന് അനുമതി ലഭിച്ച് നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം -2 ചേർത്തിരിക്കുന്നു.<br>അവ കൂടാതെ കെ.ആർ.എഫ്.ബി. , പി.എം.യു. വിന് കീഴിൽ പ്രവൃത്തി പുരോഗമിക്കുന്ന മലയോര ഹൈവേ പെരിങ്ങമ്മല-വിതുര (കൊപ്പം) റോഡിന്റെ (ആകെ നീളം 9.45 കിലോമീറ്റർ) ആദ്യത്തെ 7.5 കിലോമീറ്റർ വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നു. ടി റോഡിൽ ആദ്യ 4 കിലോമീറ്റർ ദൂരം ബി.എം. പൂർത്തീകരിച്ചിട്ടുണ്ട്.<br>കെ.എസ്.റ്റി.പി- ക്കു കീഴിൽ തിരുവനന്തപുരം - പൊൻമുടി റോഡിൽ കല്ലാർ മുതൽ പൊൻമുടി വരെ 15 കി.മീ ബി.എം.&ബിസി നിലവാരത്തിൽ പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ